# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ : 2131

19.06.2012-ൽ
മറുപടിക്ക്.

### കേരളം രാജ്യാന്തര ബിസിനസ് ഹബ്ബ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) കേരളത്തെ രാജ്യാന്തര ബിസിനസ്സ് ഹബ്ബായി മാറ്റുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രയോജന പ്പെടുത്തിയിട്ടുള്ള അവസരങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;<br><br>(ബി) ഇതിനായി പ്രത്യേക പദ്ധതികൾ പുതുതായി രൂപികരിച്ചിട്ടുണ്ടോ; | (എ)&(ബി) കേരളത്തെ ഒരു രാജ്യാന്തര ബിസിനസ്സ് ഹബ്ബായി മാറ്റുന്നതിന് 'എമെർജിങ്ങ് കേരള 2012' എന്ന ഒരു വ്യവസായ നിക്ഷേപ സംഗമം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കേരളത്തിന് വികസിപ്പിച്ചെടുക്കാൻ കഴിയുന്ന രണ്ട് വൻകിട പദ്ധതികളാണ് കൊച്ചി - പാലക്കാട് NIMZ പദ്ധതിയും, കൊച്ചിയിലെ PCPIR (പെട്രോളിയം കെമിക്കൽ ആന്റ് പെട്രോ കെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൺ) പദ്ധതിയും. ഈ രണ്ട് പദ്ധതികളിലൂടെ ധാരാളം വ്യവസായങ്ങളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ സാധിക്കും. കൊച്ചി - പാലക്കാട് NIMZ പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി അനുമതിയ്ക്കുവേണ്ടി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൊച്ചിയിലെ PCPIR പദ്ധതിയ്ക്കു വേണ്ടിയുള്ള പഠനങ്ങൾ പുരോഗമിയ്ക്കുന്നുണ്ട്. വൻനഗരങ്ങളിൽ എയർപോർട്ട് - സീപോർട്ട് മേഖലകളെ കേന്ദ്രീകരിച്ച് വാണിജ്യ - വ്യാപാരമേഖലകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (സി) ഇല്ലായെങ്കിൽ അനുബന്ധ പദ്ധതി രൂപികരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ